**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 12** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടത്തിയ കേരളീയം-2023 പരിപാടിക്ക് സ്പോൺസർമാരായി പണം നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരും വിശദാംശവും ലഭ്യമാക്കുമോ; | (എ) | സ്പോൺസർഷിപ്പ് വാഗ്ദാനം ചെയ്തവരിൽ നിന്ന് അത് ലഭ്യമായി വരുന്നതേയുള്ളു. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഇപ്പോൾ ലഭ്യമല്ല. |
| (ബി) | ഇപ്രകാരം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് നേടുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്പോൺസർഷിപ്പ് തുക സ്വീകരിക്കുന്നത് സംബന്ധിച്ചത് ഉൾപ്പെടെ കേരളീയത്തിന്റെ നടത്തിപ്പിനായി 13.10.2023 ലെ സ.ഉ(കൈ) നം.153/2023/ധന പ്രകാരം ധനവിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് നൽകിയവരിൽ സർക്കാരിന് നികുതി കുടിശ്ശിക നൽകാനുള്ളവരും നികുതിവെട്ടിപ്പ് കേസുകളിൽ ഉൾപ്പെട്ടതുമായ വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഇപ്രകാരം സ്പോൺസർഷിപ്പ് നൽകിയ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർക്കാരിലേക്ക് അടയ്ക്കാനുള്ള നികുതി ഇനത്തിൽ ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കേരളീയത്തിൻറെ ഭാഗമായി യാതൊരുവിധ നികുതിയിളവുകളും ജി.എസ്.ടി വകുപ്പ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ